

ന്യൂസ്

ദിവ്യ സംഗീതോത്സവം 2027

Sacred Music Festival

(Jointly organised by Samajam and DSMC)

ദിവ്യശ്രീ. സി.വി. ഏബ്രഹാം കശ്ശീശായുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ മകൻ ശ്രീ. ജോർജ് സി. ഏബ്രഹാം (യു.എസ്.എ.) ഏർപ്പെടുത്തിയ എൻഡോവ്മെന്റിന്റെയും അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, അദ്ദേഹത്തിന്റെ എപ്പിസ്കോപ്പൽ സിൽവർ ജൂബിലിയോടനുബന്ധിച്ചു നൽകിയ എൻഡോവ്മെന്റിന്റെയും അടിസ്ഥാനത്തിലുള്ള സൺഡേ സ്കൂൾ സമാജം ദിവ്യ സംഗീതോത്സവം, ഡി.എസ്.എം.സി.യുടെ സഹകരണത്തിൽ നടത്തപ്പെടുന്നതാണ്.

കേന്ദ്ര ദിവ്യസംഗീതോത്സവം – 15 മെയ് 2027 ശനി

ദിവ്യസംഗീതോത്സവം ഗാനങ്ങൾ

Group	No.	Song	Page No.	Book
Senior	1	ജാതിയിൻ പുത്രി നീയേ!	21	വിശുദ്ധ വിവാഹ ശുശ്രൂഷ ക്രമം
	2	ആലോഹേ ഏ-കജാതനേ	86	വിശുദ്ധ തൈലാഭിഷേക ശുശ്രൂഷ ക്രമം
	3	ഗുണ്മാ-നേ നിൻവാതിലിൽ	60	പരസ്യാരാധന ക്രമം
	4	മ്ശിഹ-യെ കാൺമാ-നിടയായ	49	ഹാശാ ക്രമം
Junior	1	കർത്തവേ നിൻ വാതിലിൽ	19	ഭാവന വാഴ്വ് ശുശ്രൂഷ ക്രമം
	2	ദൈവത്തിൻ സുവിശേഷ-	40	പരസ്യാരാധന ക്രമം
	3	നീതിപൂണ്ടം ധരിച്ചവരാം-	42	പരസ്യാരാധന ക്രമം
	4	സ്വർദൂതലോക്കങ്ങളാസക്ലം...	97	ഹാശാ ക്രമം

താലന്തു പരിശോധനാ ഗാനങ്ങൾ 2027

Vakup	Western	ക്രി. കീ NO.	Eastern	ക്രി. കീ NO.
Nursey			വന്ദനം യേശുപരാ	56
Sisu Vakup Beginner	തീർന്നു പകൽ കാലം	14	ശ്രീ യേശു നാമമേ	38
Bala Vakup Primary	കൂടെ പാർക്ക	8	രക്ഷിതാവിനെ കാണ്ക	164
Kumara Vakup Junior	യേശുവിൻ ജനനത്തെ	130	സ്തോത്രം ശ്രീ മനുവേലനേ	58
Madhya Vakup Intermediate	വാഴ്ത്തിൻ വാഴ്ത്തിൻ	91	യേശു നായക ശ്രീശാ	80
Jeshta Vakup Senior	പേടി വേണ്ട ലേശം	458	പരമ ദയാലോ പാദം	65
Yuva Vakup Young Adults	രാജൻ മുൻപിൽ	294	അനുഗ്രഹ കടലെ	27

നിബന്ധനകൾ

രണ്ടു വിഭാഗങ്ങളായാണ് സംഗീതോത്സവം നടക്കുന്നത്.

1. ജൂനിയേഴ്സ് (കുമാരവകുപ്പിലെയും മദ്ധ്യ വകുപ്പിലെയും കുട്ടികൾ).
2. സീനിയേഴ്സ് (ജ്യേഷ്ഠവകുപ്പിലെയും യുവ വകുപ്പിലെയും കുട്ടികൾ)
3. ദിവ്യസംഗീതോത്സവത്തിനുള്ള ഗാനങ്ങൾ സമാജം വെബ്സൈറ്റിൽ ലഭ്യമാണ്.
4. ഓരോ വിഭാഗത്തിലും കുറഞ്ഞത് 5 അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കണം.പരമാവധി 7 അംഗങ്ങൾക്ക് പങ്കെടുക്കാം. ഇത് ആൺകുട്ടികളും പെൺകുട്ടികളും തനിച്ചോ, ഒരുമിച്ചോ സംഘമായി പാടാവുന്നതാണ്.
5. ഗാനാലാപനത്തിന് സംഗീതോപകരണങ്ങൾ പാടില്ല. എന്നാൽ ശ്രുതി നൽകുന്നതിന് ആവശ്യമെങ്കിൽ പിച്ച് പൈപ്പ്, മറ്റ് സംഗീത ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.
6. ഓരോ സൺഡേസ്കൂളിനും സെന്റർതലത്തിൽ രണ്ടു വിഭാഗത്തിലുമായി ഓരോ ടീമിനെ വീതം അയയ്ക്കാവുന്നതാണ്.
7. പങ്കെടുക്കുന്ന ടീമംഗങ്ങളുടെ പേരും ജനനത്തീയതിയും രേഖപ്പെടുത്തി വികാരി അച്ചൻ സാക്ഷ്യപ്പെടുത്തിയ കത്ത് ഓരോ തലത്തിലും പങ്കെടുക്കുമ്പോൾ രജിസ്ട്രേഷൻ സമയത്ത് നൽകേണ്ടതാണ്. സെന്റർ തലത്തിൽ പങ്കെടുത്തു വിജയിച്ച ടീം അംഗങ്ങൾക്ക് മാത്രമേ ഭദ്രാസന - കേന്ദ്രതലങ്ങളിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
8. സെന്റർ - ഭദ്രാസനതലങ്ങളിലുള്ള ദിവ്യസംഗീതോത്സവം അതാതു തലങ്ങളിലെ താലന്തു പരിശോധനയോടൊപ്പം നടത്തേണ്ടതാണ്. ഓരോ വിഭാഗത്തിലും ജഡ്ജസ് തീരുമാനിക്കുന്ന രണ്ടു ഗീതങ്ങൾ പാടേണ്ടതാണ്. ഗീതങ്ങൾ youtubeൽ ലഭ്യമാണ്. samajam websiteൽ പാട്ടുകളുടെ ലിങ്ക് നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് സമാജം ആഫീസുമായി ബന്ധപ്പെടുക.
9. നല്കപ്പെട്ടിരിക്കുന്ന പാട്ടുകളുടെ ഓഡിയോ അനുസരിച്ചുള്ള വരികൾ പാടേടേത് ആണ് (സന്ദർശിനിയിൽ പ്രസിദ്ധികരിച്ചിട്ടുണ്ട്.)

ദിവ്യസംഗീതോത്സവം – ഗാനങ്ങൾ

Seniors

Song No. 01 (വിവാഹം)

പ. ജാതിയിൻ പുത്രി നീയേ! സുന്ദരി - ബഹു സുന്ദരി,
ശ്ലേമോൻ രാജൻ തിരുസദയാം നിന്നെ - വർണ്ണിക്കുന്നു.
തേൻകട്ടകൾ നിൻ - അധരം പൊഴിക്കുന്നു
അങ്കികൾ സുഗന്ധി - നീസാൻ കുസുമംപോൽ
സുന്ദരി സദയേ! നിന്നിൽ മാലിന്യം - ഇല്ലേ - തുമേ
മ്ശിഹാരാജൻ തൻ കുരിശാൽ നിന്നെ - കാത്തീടുന്നു
ഹാലേലുയ്യാ - ഉ - ഹാലേലുയ്യാ - ബാറെക്മാർ
പിതൃ പുത്രവിശുദ്ധാത്മനു. സ്തുതി, ഹാലേലുയ്യാ.

പ. ജാതിയിൻ പുത്രി നീയേ സുന്ദരി - ബഹുസുന്ദരി
അഖിലാണ്ഡത്തിൽ സൂര്യനു സദൃശ - നീ ആകുന്നു.
നിന്റെ നെറ്റിമേൽ - സ്ലീബായിൻ മുദ്ര
വിശുദ്ധമാം നിൻ വായ് - സ്തോത്രം പാടുന്നു.
തിരുരക്തത്താൽ നിന്നുടെ ചുണ്ടെല്ലാം - ചുവന്നതത്രെ
തവപ്രജ രാഷ്ടകൾ സ്തോത്രം സന്നിധിയിൽ - പാടീടുന്നു
ഹാലേലുയ്യാ - ഉ - ഹാലേലുയ്യാ
നാഥാ അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കേണമേ.

Song No. 02 (തൈലാഭിഷേകം)

ആലോഹോ ഏ - കജാതനേ,
തവ കരുണകളിൻ - വാരിധി ഞാൻ
നോക്കിടുന്നേൻ - പാപങ്ങൾ ബഹുലം
തളിക്കണമേ നിൻ സോ - പ്പായാൽ
എൻ കണ്ണീരാൽ - നിർമ്മലനാക്കുക
യാചിക്കുന്നേൻ - തവ താതന്നൻപാൽ -
മമ രിപു ദുഷിച്ചീട - ല്ലെന്നെ
അകൃത്യം വിട്ടനുതപിച്ചീടും
പാപിയിൽ ദൂതർ - സന്തോഷിച്ചുടനെ
അനുതാപികൾക്കെപ്പോഴും വാ - തിൽ
തുറക്കും കർത്തൻ - വാഴ്വേറ്റോൻ
ഹാലേലുയ്യാ - എന്നവർ പറയട്ടെ.

Song No. 03 (വി. കുർബാന)

ഗുണവാ - നേ നിൻവാതിലിൽ - മുട്ടുന്നു യാചനയിൻ നാ - ദം
നിന്നാശ്രിതരിൽ നിന്നയ്യോ മുടക്കരുതേ - യാചന
കണ്ണീർതൂകി വിളിച്ചവളാം ദോഷക്കാരി -
പൊറുതി ലഭിച്ചല്ലോ നിങ്കൽനിന്നു -
ഈശോതന്നുടെ രക്തംകൊണ്ട് - തുണച്ചീടുക - നിൻസദമേൽ -
പി - ഴച്ചെ - ന്നു - ഗ്രഹിച്ചു ഞങ്ങൾ തെറ്റുകളും -
അസംഖ്യമല്ലോ
നരസുതനേ നീ ദയചെയ്ത് -
മ്ലേഛതയിൽനിന്നു ഞങ്ങളെ - ശുദ്ധീകരിക്ക - ഇന്നും.

Song No. 04 (ഹാശാ ക്രമം)

പ. മ്ശിഹാ - യെ കാൺമാ - നിടയായ -
ശിശുക്കൾക്കാകെ - ഭാഗ്യമായി -
ദുഷിയിൻ - കഴുതമേലേറിയവൻ
ഊർശാലേ - മിന്നെഴുന്നള്ളി -
സൈത്തിൻ കൊമ്പാൽ -
പൈതങ്ങൾ തിരുമുൻ ആർത്തവർ ചൊല്ലുന്നു -

ജ. ഊശാ - നാ ഉയരത്തിൽ -
ഊശാന ദാ - വീദു സുതനു -
കർത്തൻ നാമത്തിൻ വരുന്നവൻ
വാഴ്ത്ത - പ്പെട്ട - വൻ

പ. ദുഷിയി - ൻ കഴുതമേലേറി -
ഊർശാലേമി - ന്നെഴുന്നെള്ളുന്ന
ദൈവസുതനെ - കാണുമ്പോൾ
വിസ്മ - യിക്കാത്തവനുണ്ടോ?
സൈത്തിൻ കൊമ്പാൽ - പൈതങ്ങൾ
തിരുമുൻ സ്തുതിച്ചവർ - പാടുന്നു

ജ. ഊശാ - നാ ഉയരത്തിൽ -

ദിവ്യസംഗീതോത്സവം – ഗാനങ്ങൾ

Juniors

Song No. 01 (ഭാവന വാഴ്വ്)

കർത്താവെ നിൻ_ വാതിലിൽ യാചന ശബ്ദം_ മുട്ടുന്നു
മുടക്കരുതേ നിൻ സേ_വക_രിൽ ആ_വ_ശ്യ
യാ_ച_നയെ _നീ
ദേവാ കൃപയാൽ - പാലിക്ക,
കോപ വടിയിൽ - നിന്നകറ്റി
പ്രാർത്ഥന കേട്ടു നിൻ കരുണയതാൽ
യാചന നീ നല്കീ - ടണമേ,

ദേവാ തുണയ്ക്കായ് - ബലഹീനർ,
വിളിച്ചീടുന്നു - നല്ലവനേ
പ്രാർത്ഥന കേട്ടു നിൻ കരുണയതാൽ
യാചന നീ നല്കീ - ടണമേ,

കൃപ ചെയ്യണമേ - കരുണയുടെ
ബഹുലത്താൽ ദ - യ ചെയ്യേണമേ,
പിഴച്ചൊരു തിന്മകളോർക്കരുതേ
കരുണാകരനാം ക - ർത്താവേ!

Song No. 02 (വി. കുർബാന)

ദൈവത്തിൻ സുവിശേഷം - വിലമതിയാതുള്ളത് -
ദാനം ഇ - തതിശയം
ഗുണമേറീടുള്ളത് - തേനേക്കാൾ നല്ല രസം -
അതിനുണ്ട് - നിശ്ചയം
ഹാലേലുയ്യാ - ഉ - ഹാലേലുയ്യാ

പുഷ്പമണം - ഒപ്പമല്ല.

സത്യാത്മാവേ വന്നീ ജീവന്റെ വചനത്തെ
പാപത്താൽ ഇരുളായ ദാസരുടെ ഹൃദയത്തിൽ
ദീപത്തെപ്പോലാക്കി ശോഭിപ്പിച്ചടിയാരെ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
സുവിശേഷേ നടത്തണമേ

Song No. 03 (വി. കുർബാന)

നീതിപുണ്യം ധരിച്ചവരാം - വിശുദ്ധരെ നാം ഓർക്കയിൽ
നാഥനു നാം കൂട്ടമായ് - പാടിടേണം സ്തുതിയേ
ആയവരിൽ ആദ്യൻ - അബ്രാം സുതൻ - മൂശെ
പ്രവാചകരിൽ ദാനിയേൽ ഏശായായും
ബാബെലേ ജയിച്ച - ബാലകരാം - മൂവർ
സഹദേന്മാരിൽ ആദ്യനാം - പരിശുദ്ധ - സ്തേഫാനോസും
ഇവർ നടുവിൽ കൂടവെ - ഈ സഭയിൻ സ്ഥാപകനാം
ഇന്ത്യാവിൻ ഗുരുവരനാം മാർത്തോമ്മാ ശ്ലീഹായും

Song No. 04 (ഹാശാ ക്രമം)

സ്വർഭൂലോകങ്ങളാസകലം...വന്ദിപ്പവനേ സ്തുതി നിനക്ക്
തൻവരവാലെ പാപികളെ - തിരിപ്പിച്ചവനേ സ്തുതി നിനക്ക്
വിരുന്നും വിരുന്നിൻ അധിപനും - മണവാളനും മണിയറയും
സകലവും താനാകും നാഥാ - സ്തുതി നിനക്കെന്നെന്നേക്കും
ആമേൻ.